ഉത്തരം

(എ)-(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ബഡ്ജറ്റ് രേഖകൾ ഗവൺമെന്റിന് ഇതുവരെ ലഭ്യമായിട്ടില്ല. ലഭ്യമായശേഷം വിശദമായി പരിശോധിച്ചാൽ മാത്രമേ ഉചിതമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

5 (1454) കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള വായ്പ

ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ് ദുർഗ്) :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ തോത് മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കുറഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ 96-97 വർഷത്തിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ട്;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ പലിശ നിരക്കിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ 1996-97 വർഷത്തിലുണ്ടായ വർദ്ധനവ് മുൻവർഷത്തേതുമായി താരതമ്യം ചെയ്യുമോ?

ഉത്തരം

(എ) കുറഞ്ഞിട്ടുണ്ട്.

(ബി) 17.62 %

(സി) പ്ലാൻ. നോൺ പ്ലാൻ വായ്പകളുടെ പലിശ നിരക്ക് 1.6.95 മുതൽ 12% ത്തിൽ നിന്നും 13% മായി വർദ്ധിപ്പിച്ചെങ്കിലും 1.6.96 മുതൽ 12.5% കുറയ്ക്കുകയും ചെയ്തു. വർദ്ധനവുണ്ടായിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

6 (1455) നോൺ ടാക്സ് റവന്യൂ

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തെ നോൺ ടാക്സ് റവന്യൂ എത്രയാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) ഇതിൽ എത്ര പിരിഞ്ഞുകിട്ടി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 വർഷത്തെ സാമ്പത്തിക വർഷത്തിൽ 1,33,227 ലക്ഷം രൂപയാണ് പ്രതീക്ഷിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭിച്ചതിനുശേഷമേ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നു വ്യക്തമായി പറയാൻ കഴിയുകയുള്ളൂ.

7 (1456) സംസ്ഥാനത്തിന്റെ സാമ്പത്തിക ബാദ്ധ്യത

ശ്രീ. പാലോട് രവി :

ശ്രീ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എവിടെ നിന്നെല്ലാം എന്തുതുക വീതം വായ്പയെടുത്തിട്ടുണ്ട്;

(ബി) ഈ ഓരോ വായ്പയുടേയും പലിശ എത്ര വീതമാണ്;

(സി) പബ്ലിക് അക്കൗണ്ടിൽ സംസ്ഥാന ട്രഷറിയിലുള്ള പണത്തിന്റെ പലിശ എത്ര ശതമാനമാണ്;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര വായ്പകൾ പൂർണ്ണമായി അടച്ചുതീർത്തു. പൂർണ്ണമായി അടച്ചുതീർത്ത വായ്പയുടെ പലിശ എത്ര ശതമാനമായിരുന്നു;

(ഇ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എടുത്ത വായ്പ ഇനത്തിൽ ഒട്ടാകെ എന്തു തുക അടച്ചുതീർത്തു;

(എഫ്) ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് മറ്റ് ഫൈനാൻസിംഗ് ഏജൻസികൾ, പബ്ലിക് അക്കൗണ്ടന്റ്, ചെറുകിട സമ്പാദ്യം എന്നീ ഓരോ ഇനങ്ങളിലും കൊടുത്തു തീർക്കേണ്ട ബാദ്ധ്യത എത്ര വീതമാണ്?

ഉത്തരം

(എ) സംസ്ഥാന വികസന വായ്പ

1996-97	പലിശ
1. 295.61 കോടി രൂപ	13.85%
2. 34.56 ,,	13.75%
1997-98	
1. 300.00 കോടി രൂപ	13.05%
2. 147.90 ,,	12.3%
1998-99	
1. 301.62 കോടി രൂപ	12.15%
2. 271.12 ,,	12.5%
3. 19.22 ,,	12.5%

കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും

1996-97	-	5399443850 രൂപ
1997-98	-	5671484330 രൂപ
1998-99	-	അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും കണക്കുകൾ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly